# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# തുവ്വൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 24/2424/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുവ്വൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 24/2424/2023 തീയ്യതി: 04/12/2023

## മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2022 മുതൽ 18-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 28-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 28-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അബ്ദുൾ ജലീൽ.ടി.പി , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2. ശ്രീ. മുഹമ്മദ് സലീം .ടി,അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീ.ശ്രീ. രാമകൃഷ്ണൻ.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി.ഹസീന.സി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.സുബൈദ ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 05-01-2023 |
| ശ്രീമതി. ജസീന ടീച്ചർ | പ്രസിഡന്റ് | 06-01-2023 | 12-02-2023 |
| ശ്രീമതി.പി.ടി.ജ്യോതി | പ്രസിഡന്റ് | 13-02-2023 | 31-03-2023 |
| ശ്രീ.അരുൺ.ഇ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-09-2022 | 30-09-2022 |
| ശ്രീ.കെ.അബ്ദുൽ ഷുക്കൂർ | സെക്രട്ടറി | 01-10-2022 | 31-03-2023 |
| ശ്രീ.രാജു.കെ.ജെ | സെക്രട്ടറി | 01-04-2022 | 20-09-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷഫീഖ്.എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അജയകുമാർ | വെറ്റിനറി സർജൻ | 01-04-2022 | 09-02-2023 |
| ഡോ.അൻവർ.കെ.പി | വെറ്റിനറി സർജൻ | 10-02-2023 | 31-03-2023 |
| ശ്രീമതി.സ്വപ്ന.വി.എസ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. സലീന ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 28-12-2022 |
| ശ്രീമതി.സിദ്റത്തുൽ മുൻതഹ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 29-12-2022 | 31-03-2023 |
| ഡോ.അബ്ദുൽ അസീസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ.ഗോപാല കൃഷ്ണൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ.സിന്ദുൽ എൻ.എൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.സജിത.ടി.വി | ഡയറി എക്സ്റ്റെൻഷൻ ഓഫീസര് | 01-04-2022 | 16-11-2022 |
| ശ്രീമതി.ദിവ്യ.ജി.എൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസര് | 17-11-2022 | 05-02-2023 |
| ശ്രീമതി.നസീമ.കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസര് | 06-02-2023 | 31-03-2023 |
| ശ്രീ.മനോജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 02-11-2022 |
| ശ്രീ.സിനിമോൻ .സി.എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ | 03-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | തൊഴിലുറപ്പ പദ്ധതി-തൻവർഷ ആസ്തി വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടില്ല. | 1-1-5 |
| 7 | രേഖകൾ ലഭ്യമാക്കിയില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ ചേർത്തില്ല | 1-1-7 |
| 9 | വിവിധ ഫണ്ടിനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,വാർഷികകണക്ക് എന്നിവയിൽ ചെലവുതുക വ്യത്യാസം | 1-1-8 |
| 10 | 'Cheque Deposited But Not Cleared '- വിവരം ലഭ്യമാക്കിയില്ല. | 1-1-9 |
| 11 | 'Directly Credited By Bank ' -വിവരം ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക നില | 1-3 |
| 15 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-11 |
| 23 | തനതു വരുമാനം-അവലോകനം | 1-12 |
| 24 | PHC ചുറ്റുമതിൽ നിർമാണം (39/23) എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-13 |
| 25 | ബിൽ അനുവദിച്ചതിൽ കാലതാമസം ഉണ്ടായതിനാൽ GST ഇനത്തിൽ അധിക ബാധ്യത | 1-14 |
| 26 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-15 |
| 27 | എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-16 |
| 28 | സിഡ്കോ മുഖേന ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-17 |
| 29 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - ഉണഭോക്താക്കളുടെ വിവരം ലഭ്യമാക്കിയില്ല. | 1-18 |
| 30 | ടോയ്ലറ്റ് റിപ്പയർ - വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്തിയില്ല. 9240 രൂപ നൽകി | 1-19 |
| 31 | ഞങ്ങളും കൃഷിയിലേക്ക് കുറ്റികുരുമുളക് തൈ വിതരണം (വനിത) പദ്ധതി -അപാകം | 1-20 |
| 32 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - അധിക തുക നൽകി | 1-21 |
| 33 | വീട് വാസയോഗ്യമാക്കൽ പദ്ധതി - അധികതുക നൽകി | 1-22 |
| 34 | ആദായനികുതി ഈടാക്കിയില്ല. | 1-23 |
| 35 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനു നൽകിയ മുൻകൂർ ശരിയായി അക്കൗണ്ട് ചെയ്തില്ല. | 1-24 |
| 36 | മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-25 |

| | | |
|---|---|---|
| 37 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-26 |
| 38 | അങ്കനവാടികൾക്ക് പാചക പാത്രങ്ങളും മിക്സിയും വാങ്ങൽ - ടെണ്ടർ നടപടികളിൽ അപാകത. | 1-27 |
| 39 | മെഡിക്കൽ ഓഫീസർക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല | 1-28 |
| 40 | സ്കൂളുകളിലേക്ക് പ്രിന്റർ - വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വീട് വാസയോഗ്യമാക്കൽ പദ്ധതി - അധികതുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12-07-2023 ലെ 3(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം:

തീയതി: 04-12-2023

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (19568454)

ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (22360794) തുല്യമല്ല.

### 1-1-5 തൊഴിലുറപ്പ് പദ്ധതി-തൻവർഷ ആസ്തി വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ 13,99,270 രൂപയുടെ ആസ്തി തൻവർഷം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും വിവരം ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല.

### 1-1-6 രേഖകൾ ലഭ്യമാക്കിയില്ല

പ്രത്യേകമായി വിവരം ശരിയായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B4 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തൊഴിലുറപ്പ് പദ്ധതി ഒഴികെയുള്ള തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

### 1-1-7 ഡെപ്പോസിറ്റ് രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ ചേർത്തില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രത്യേകമായി ശരിയായി വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B 17ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

### 1-1-8 വിവിധ ഫണ്ടിനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,വാർഷികകണക്ക് എന്നിവയിൽ ചെലവുതുക വ്യത്യാസം

താഴെ പറയും പ്രകാരം വിവിധ ഫണ്ടിനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,വാർഷികകണക്ക് എന്നിവയിൽ ചെലവുതുക വ്യത്യാസം

| ക്രമ നം. | ഇനം | ഗ്രാന്റ് സ്റ്റേററുമെന്റ് പ്രകാരം തുക | വാർഷിക കണക്ക് പ്രകാരം തുക (1-6 പ്രകാരം) |
|---|---|---|---|
| 1 | സി എഫ് സി ( ടൈഡ് ) | 48,98,248 | 38,61,273 |
| 2 | സി എഫ് സി (അൺ ടൈഡ് ) | 15,83,094 | 10,24,177 |
| 3 | മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 41,43,953 | 43,71,893(34,35,667+ 9,36,226) |

### 1-1-9 'Cheque Deposited But Not Cleared '- വിവരം ലഭ്യമാക്കിയില്ല.

അക്കൗണ്ട് നം.67387317103 (എസ് ബി ഐ കരുവാരകുണ്ട് )ന്റെ 2023 മാർച്ച് മാസത്തെ റീകൺസിലേഷൻ പത്രികയിൽ 'Cheque Deposited But Not Cleared 'ഇനത്തിൽ 87337 രൂപ രേഖപ്പെടുത്തിയിട്ടുണ്ട് ആയത് പിന്നീട് 'ക്ലിയർ' ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല.

### 1-1-10 'Directly Credited By Bank ' -വിവരം ലഭ്യമാക്കിയില്ല.

അക്കൗണ്ട് നം.67387317103 (എസ് ബി ഐ കരുവാരകുണ്ട് )ന്റെ 2023 മാർച്ച് മാസത്തെ റീകൺസിലേഷൻ പത്രികയിൽ 'Directly Credited By Bank ' ഇനത്തിൽ 64367 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

### 1-1-11 സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല

ഗ്രാമപഞ്ചായത്തിൽ ILGMS നടപ്പിലാക്കിയ വേളയിൽ സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ പി ഡി ഇ ( Past Data Entry) ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടൊയെന്ന് പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1)/26-03-2022 | 2(1)/25-03-2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 25421435 |

| | |
|---|---|
| വരവ് | 199056373 |
| ആകെ | 224477808 |
| ചെലവ് | 179487916 |
| നീക്കിയിരിപ്പ് | 44989892 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 17344422 | 17344422 | 17194817 | 149605 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 7310458 | 7310458 | 7230458 | 80000 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 159050 | 159050 | 80000 | 79050 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 7820000 | 7820000 | 6133011 | 1686989 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5997000 | 5997000 | 4371893 | 1625107 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 2958777 | 5299000 | 8257777 | 5621566 | 2636211 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 00 | 3533000 | 3533000 | 1583094 | 1949906 |
| ബി ഫണ്ട് | 00 | 59795060 | 59795060 | 59795060 | 00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 157198675 | 92 | 89195232 | 43 | 51 | 49.46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1529 | 1155405 | 1156934 | 1156934 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33823048 | 33823048 | 33823048 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 2335000 | 198 |
| വിധവാപെൻഷൻ | 13331400 | 1227 |
| വാർദ്ധക്യകാലപെൻഷൻ | 20358000 | 1962 |
| വികലാംഗപെൻഷൻ | 4545200 | 422 |
| വിവാഹ ധനസഹായം | 600000 | 20 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1100800 | 96 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2023 ന് 3.15 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43026/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. മെഡിക്കൽ ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരുടെ പദ്ധതികളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.
3). സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ വിവരവും രജിസ്റ്ററിൽ ലഭ്യമല്ല.
4) കമ്പ്യൂട്ടർ പ്രിന്ററുകൾ,യു പി എസ്,മൗസ്, തുടങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5) . അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022 | 10/22 To 11/22 | 12.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.12.2007 | 1997-98 മുതൽ 2006-07 വരെ | 28.01.2008 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 12/2.10.2023] നൽകി, മറുപടിയുടെ അടിസ്ഥാനത്തിലാണ് ഈ അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | മട്ടക്കുന്ന് കുടിവെള്ള പദ്ധതി പൈപ് ലൈൻ- വാട്ടർ അതോറിറ്റിയിൽ ഡപോസിറ്റ് ചെയ്യൽ88 | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 300000 | Development Fund(CFC Basic Grant ) - | | 300000 |
| 2 | പരതോട് എസ് സി കോളനി കുടിവെള്ള പദ്ധതി വൈദ്യുതി | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 66074 | Development Fund(S.C.P) - | | 66074 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കണക്ഷൻ 3 ഫേസ് ആക്കൽ 192 | | | | | | |
| 3 | തരിപ്രമുണ്ട എസ് സി കോളനിയിലേക്ക് പൈപ്പ് ലൈൻദീർഘിപ്പിക്കൽ-193 | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 62000 | Development Fund(S.C.P) - | | 62000 |
| ആകെ | | | | | | | 428074 |

മേൽ പ്രവൃത്തികളിലായി 428074/- രൂപ വിവിധ ഏജൻസികളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-12 തനതു വരുമാനം-അവലോകനം

തനതു വരുമാനം- ഉവ്വൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 18മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഉവ്വൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 03.05.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 6/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

3) 03.05.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 7/1 ,7/2 നമ്പർ തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ,

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരുവിലും_പരിഗണിച്ചതായി സെക്ഷൻ അറിയിച്ചു. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 26.06.23 ലെ 4/1 ഭരണസമിതി തീരുമാനപ്രകാരം അന്തിമമാക്കിയിട്ടുണ്ട്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 720 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയോ ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല, പകരം പഞ്ചായത്തിലെ മുഴുവൻ കെട്ടിടം അളക്കുന്നതിനായി അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് പദ്ധതി തയ്യാറാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിച്ചു.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഉവ്വർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട്

ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

മറ്റിനങ്ങൾ

ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ്, എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രമാപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നമ്പർ-16/22-23/27.10.2023

## 1-13 PHC ചുറ്റുമതിൽ നിർമാണം (39/23) എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രവൃത്തി: PHC ചുറ്റുമതിൽ നിർമാണം (39/23)

അടങ്കൽ: 413040 രൂപ (മെയന്റനൻസ് ഫണ്ട്-നോൺ റോഡ്)

കരാറുകാരൻ: ശ്രീ അനീസ് ബാബു

കരാർ : 29/21-22/17-12-21 ( 16.3 % Below E R)

PAC: 368593.83രൂപ

M Book : 29/21-22

ചെലവ് - 227940രൂപ

ബി ആർ നമ്പർ: 22151352031901082998/23-1-23

അപാകതകൾ

1) പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

കരിങ്കല്ല് കൊണ്ട് ഫൗണ്ടേഷൻ, സൂപ്പർ സ്ട്രക്ചർ, അതിന് മുകളിൽ ചെങ്കല്ല് കൊണ്ട് മതിൽ, സിമെന്റ് പ്ളാസ്റ്ററിംഗ് എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവത്തികൾ. ആയവയിൽ ചെങ്കല്ല് കൊണ്ട് മതിൽ, സിമെന്റ് പ്ളാസ്റ്ററിംഗ് എന്നിവ ഒഴികെയുള്ളവ പൂർത്തിയാക്കിയതായി 9-1-23 ന് (അളവ് പുസ്തകം പേജ് 9) അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് താഴെ പറയും പ്രകാരം പാർട്ട് ബിൽ നൽകിയിട്ടുണ്ട്.

| ഇനം | തുക |
|---|---|
| മൂല്യനിർണ്ണയം | 252151.31 |
| (-) ടെണ്ടർ കുറവ്(16.3%) | 41100.66 |
| ബാക്കി | 211050.65 |
| (+) 18 % GST | 37989.12 |

| | |
|---|---|
| ആകെ | 249040 (Rounded) |
| (-) റിടെൻഷൻ | 21100 |
| ബാക്കി | 227940 |
| (-) Tax, 4 % | 8444 |
| കരാറുകാരന് | 219496 |

(A) പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

(B) റിടെൻഷൻ തുക ട്രഷറിയിൽ നിന്ന് പിൻവലിക്കാത്തതിനാൽ ആയത് ലാപ്സ് ആയി.

(C) കരാർ കാലാവധിക്ക് ശേഷമാണ് പാർട്ട് ബിൽ പോലും നൽകിയത് .

2) ഭാഗികമായി പൂർത്തിയാക്കിയ പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയില്ല.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് പാർട്ട് ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പൂർത്തീകരണകാലയളവ്: 8 മാസം

പൂർത്തീകരിക്കേണ്ട തീയതി: 17-8-22

ഭാഗികമായി പൂർത്തീകരിച്ചത്: 9-1-23 (അളവ് പുസ്തകം പേജ് 9)

അതിര് നിർണ്ണയിക്കപ്പെടാൻ കാലതാമസമുള്ളതിനാൽ പ്രവൃത്തി സമയം നീട്ടി നൽകണമെന്ന കരാറുകാരന്റെ തീയതി ഇല്ലാത്ത അപേക്ഷ ഫയലിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യത്തിൽ റിപ്പോർട്ട് തയ്യാറാക്കി ശുപാർശ ചെയ്യുകയോ ഭരണസമിതി പ്രവൃത്തി സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ, പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| നാളിതുവരെ ഈടാക്കേണ്ടിയിരുന്ന പിഴ |
|---|
| വൈകിയത് : 4 മാസം, 23 ദിവസം.<br><br>ഈടാക്കേണ്ട പിഴ: 7933 രൂപ<br><br>(18-8-22 To 17-11-22 @ 1% Of PAC: 3685.93<br><br>18-11-22 To 9-1-23 @ 2% Of PAC: (53 Days) 7371.86 X 55/92 = 4246.83<br><br>ആകെ: 7932.76 le 7933 രൂപ) |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള നഷ്ടം 7933 രൂപ ഉൾപ്പെടെ ഫൈനൽ ബിൽ നൽകുമ്പോൾ വൈകിയ മുഴുവൻ കാലയളവിനും പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 17/27-10-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 ബിൽ അനുവദിച്ചതിൽ കാലതാമസം ഉണ്ടായതിനാൽ GST ഇനത്തിൽ അധിക ബാധ്യത

ഊത്താലക്കുന്ന് കുടിവെള്ള കിണർ നിർമാണം, 31/23

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

ടി.എസ്.നം- 2020-21/95341/11-9-20, C I 31.06%

അടങ്കൽ - 1500000 CFC ഗ്രാന്റ്

കരാറുകാരൻ: നളൈർ ടി കെ

കരാർ- 44/20-21/6-10-20

ചെലവ് - 1500000 രൂപ

BRN 2215135203190141 8225/29-3-21: Rs 463025

BRN 2215135203190080 7697/23-11-22: Rs 1036975

എം.ബുക്ക്: 44/20-21, 44(A)/20-21

19-4-.2022 ന് പൂർത്തിയാക്കിയ (എം.ബുക്ക് 44/20-21, പേജ് 87 ൽ അവസാനത്തെ അളവെടുത്ത തീയ്യതി) ഈ പ്രൊജക്ടിന്റെ ഫൈനൽ ബിൽ 23-11-2022 ന് { മൂല്യ നിർണ്ണയം 832720.75 (ആകെ മൂല്യ നിർണ്ണയം 1268456.92-പാർട്ട് ബിൽ , 435736.17) ജി.എസ്.ടി കോമ്പൻസേഷൻ @ 18%, 149889.73 } അനുവദിച്ചിട്ടുണ്ട്. 18.7.2022 മുതൽ മരാമത്ത് പ്രവൃത്തികൾക്ക് മേലുള്ള GST നിരക്ക് 12% ൽ നിന്നും 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 18.7.2022 ന് മുമ്പ് പൂർത്തിയാക്കി അളവെടുത്ത് ബിൽ നൽകിയ പ്രൊജക്ടുകൾക്ക് 12% GST മതി. 19.4.2022 ന് പൂർത്തിയാക്കിയ ഈ പ്രൊജക്ടിന്റെ ഫൈനൽ ബിൽ 18.7.2022 ന് മുമ്പ് അനുവദിച്ചിരുന്നുവെങ്കിൽ 832720.75 X 12%= 99926.49 രൂപ ജി.എസ്.ടി കോമ്പൻസേഷനായി അനുവദിച്ചാൽ മതിയാകുമായിരുന്നു. എന്നാൽ ബിൽ നൽകിയതിൽ കാലതാമസം ഉണ്ടായതിനാൽ 49963.24 രൂപ (6% Of 149889.73) അധികം അനുവദിക്കേണ്ടി വന്നിട്ടുണ്ട്.

19-4-.2022 ന് പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബില്ല് ഏഴ് മാസത്തിന് ശേഷം നൽകിയത് വഴി 49963.24 രൂപ അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 18/27-10-2023, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.

ഉവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പറും | നിർവ്വഹണ ഉദ്യോഗസ്ഥൻ | സുലേഖ പത്രിക പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം. |
|---|---|---|---|---|
| 39/23- PHC ചുറ്റുമതിൽ നിർമാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 0 | 227940 (മെയന്റനൻസ് ഫണ്ട്-നോൺ റോഡ്) | (-) 227940 |
| 76/23, പായിപ്പുല്ല് യാറം ആലത്തൂർ റോഡ് കോൺക്രീറ്റിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 0 | 279797 (തനത് ഫണ്ട്) | (-)279797 |
| | | | ആകെ | (-)507737 |

അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 19/27-10-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 93/23

എസ് എസ് എ വിഹിതം അടവാക്കൽ (ജനറൽ)

വിനിയോഗിച്ച തുക – 5,00,000 രൂപ (പ്ളാൻ -ജനറൽ )

ബിൽ നം. 1/22-23/ 20.11.22 – 5,00,000 രൂപ

നിർവ്വഹണം - ഹെഡ്മാസ്റ്റർ ജി എൽ പി എസ് ഉവ്വൂർ

പദ്ധതി പ്രകാരം 5,00,000 രൂപ എസ് എസ് എ വിഹിതം (ജനറൽ ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

2)പ്രോജക്റ്റ് നം. 115/23

എസ് എസ് എ വിഹിതം അടവാക്കൽ (എസ് സി )

വിനിയോഗിച്ച തുക – 4,00,000 രൂപ (പ്ളാൻ -എസ് സി പി )

ബിൽ നം. 2/22-23/ 20.11.22 – 4,00,000 രൂപ

നിർവ്വഹണം - ഹെഡ്മാസ്റ്റർ ജി എൽ പി എസ് ഉവ്വൂർ

പദ്ധതി പ്രകാരം 4,00,000 രൂപ എസ് എസ് എ വിഹിതം (എസ് സി ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/2022-23/ 26.10.23 ) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 9,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 സിഡ്കോ മുഖേന ഫർണ്ണിച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രോജക്റ്റ് നം. 117/23

എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി
അടങ്കൽ തുക: 284000(പ്ലാൻ എസ്.സി.പി)

വിനിയോഗിച്ച തുക – 2,07,900 രൂപ (പ്ലാൻ ഫണ്ട് എസ്.സി.പി)

ബിൽനം. 3/22-23/20.01.23 - 2,07,900 രൂപ

നിർവ്വഹണം -ഹെഡ്മാസ്റ്റർ ജി എൽ പി എസ് ഉവ്വൂർ

പദ്ധതി പ്രകാരം സിഡ്കോ മഞ്ചേരി മുഖേന (ഇൻവോയിസ് നം. MJRI/22-23/106 തീ. 30.11. 22)താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | Steel Table<br>Made By Pre Laminated Board With A Shutter Using As Writing Pad | 3294.91 + 18% G S T | 41 |

| | | | |
|---|---|---|---|
| | Size 80x33x105 Cm | | |
| 2 | Steel Armless Chair<br>With Rubwood Seat | 900 + 18% G S T | 41 |
| 3 | Steel Table<br>Made By Pre Laminated Board With A Shutter Using As Writing Pad<br>Size 80x33x105 Cm | 3294.91 + 18% G S T | 1<br>(ഇൻവോയിസ് നം. MJRI/22-23/144 തീ. 03.01. 23) |
| 4 | Steel Armless Chair<br>With Rubwood Seat | 900 + 18% G S T | 1<br>(ഇൻവോയിസ് നം. MJRI/22-23/144 തീ. 03.01. 23) |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

1)സ.ഉ (സാധാ) നം. 97/2022/ എസ് പി ഡി തീ. 23.12.22 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും SIDCO സ്വയം നിർമ്മിച്ചതുമായ ഈ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞവ SIDCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

2)കൂടാതെ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ ബിഡ് മുഖേന മാത്രമെ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN 13189/2020-JB(DP) കത്തിൽ സ.ഉ(സാധാ)നം. 1978/2020/ തസ്വഭവ തീ. 21.10.2020 ലെ ഉത്തരവിനെ പരാമർശിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ് . ആയതും പാലിച്ചിട്ടില്ല. അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

3) മേൽ ഫർണ്ണീച്ചറുകൾ വിദ്യാർത്ഥികൾക്ക് നൽകിയതിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (നിലവിൽ ലഭ്യമാക്കിയ പത്രികകൾ ഒന്നിലും ബന്ധപ്പെട്ട സ്കൂൾ ഹെഡ് മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.)

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും( നം. 4/22-23/26.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 2,07,900 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം.177/23

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി

അടങ്കൽ തുക -1525000[ പ്ലാൻ(ജനറൽ-25000, ബ്ലോക്ക് ഷെയർ-875000) ]

വിനിയോഗിച്ച തുക – 11,24,119രൂപ

പ്ലാൻ (ജനറൽ ) - 2,50,000 രൂപ

ബ്ലോക്ക് ഷെയർ - 8,74,119 രൂപ

ടി ആർ എൻ . 221513000000006685/ 06.02.23 – 5,07,438 രൂപ

ടി ആർ എൻ . 221513000000006599/ 04.02.23 – 81,852 രൂപ

ടി ആർ എൻ. 221513000000006759/10.02.23 – 2,50,000 രൂപ

ടി ആർ എൻ. 221513000000007908/28.03.23 – 2,84,829 രൂപ

നിർവ്വഹണം - ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ മാസങ്ങളിൽ ഉവ്വൂർ,തരിപ്പമുണ്ട, ആമപ്പൊയിൽ, നീലാഞ്ചേരി എന്നീ ക്ഷീരസഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ലിറ്ററിന് മൂന്നു രൂപ നിരക്കിൽ പാലിന്, സംഘങ്ങൾ സാക്ഷ്യപ്പെടുത്തി ഹാജരാക്കുന്ന പാലളവ് സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. മേൽ സംഘങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ പാലളവ് സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഉവ്വൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരാണോ എന്നത് സംബന്ധിച്ച വിവരം, ഗുണഭോക്താക്കളുടെ

ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരം, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തൻമൂലം ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്കു തന്നെയാണോ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 6/2022-23/26.10.23)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച തുക 11,24,119രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 ടോയ്‌ലറ്റ് റിപയർ - വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്തിയില്ല. 9240 രൂപ നൽകി

പ്രോജക്റ്റ് നം. 54/23

ടോയ്‌ലറ്റ് റിപ്പയർ പദ്ധതി (സ്പിൽ ഓവർ)

അടങ്കൽ &വിനിയോഗിച്ച തുക - 18,480 രൂപ (ധനകാര്യകമ്മീഷൻ അവാർഡ് )

വൗച്ചർ നം. XVFC/22-23/ P/19 തീയ്യതി - 16.07.2022 - 18,480 രൂപ

നിർവ്വഹണം - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതി പ്രകാരം രണ്ടുപേർക്ക് 9240 രൂപ വീതം ടോയ്‌ലറ്റ് റിപ്പയറിന് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ(ഡി സി )വകുപ്പ് സർക്കുലർ നം. 334/ഡി സി 1/18/തസ്വഭവ തീ.21.07.2018 പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓവർസീയർ വാല്യുവേഷൻ എടുക്കണം ആയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉണ്ണിക്കൻ മാതോത്ത് ആലത്തൂർ തുവ്വൂർ പി ഒ എന്ന ഗുണഭോക്താവിന് 9240 രൂപ നൽകിയിട്ടുണ്ട് എന്നാൽ ഓവർസീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എപ്രകാരമാണ് 9240 രൂപ നൽകിയത് എന്ന് വ്യക്തമല്ല.
അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 14/22-23/27.10.2023 )മറുപടി ലഭ്യമാക്കിയില്ല.മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ശ്രീ.ഉണ്ണിക്കൻ മാതോത്തിന് നൽകിയ 9240 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 ഞങ്ങളും കൃഷിയിലേക്ക് കുറ്റികുരുമുളക് തൈ വിതരണം (വനിത) പദ്ധതി -അപാകം

പ്രോജക്റ്റ് നം.84/23

അടങ്കൽ തുക - 3,07,000രൂപ

2,30,250 രൂപ പ്ലാൻ (ജനറൽ)

76,750 രൂപ (ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ അടവാക്കുന്നത് )

വിനിയോഗിച്ച തുക - 76,750 രൂപ (ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ അടവാക്കിയത് )

ചെക്ക് നം. 37572/ 17.03.23 - 76,750 രൂപ

നിർവ്വഹണം - കൃഷി ഓഫീസർ

2,30,250 രൂപ പ്ലാൻ (ജനറൽ) ബി ആർ എൻ നം. 2315135203130050 3054/ 23.08.2023 പ്രകാരം 2023-24 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം 1228 എണ്ണം കുറ്റികുരുമുളക് തൈകൾ ഗുണഭോക്തൃവിഹിതം അടവാക്കിയ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത് . ഇൻവോയിസ് നം. 24/ 09.03.2023 പ്രകാരം എടപ്പറ്റ കാർഷിക കർമ്മസേനയിൽ നിന്നും നേരിട്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2022-23 വർഷത്തിൽ ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം 115/2022/ തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.1(5) ൽ കൃഷിവകുപ്പിന്റെ ലൈസൻസുള്ളതതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നെഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് കുറ്റികുരുമുളക് തൈകൾ വാങ്ങാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആയതിന് വിരുദ്ധമായി വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ (3,07,000രൂപയായതിനാൽ ടെണ്ടർ മുഖേനയല്ലാതെ ) എടപ്പറ്റ കാർഷിക കർമ്മസേനയിൽ നിന്നും നേരിട്ട് തൈകൾ വാങ്ങുകയാണ് ഉണ്ടായിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയ മേൽ വാങ്ങൽ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.
അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.15/22-23/ 27.10.23) ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തുന്നതാണെന്ന് അറിയിച്ചു.സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി – അധിക തുക നൽകി

പ്രോജക്റ്റ് നം.177/23

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - അധിക തുക നൽകി

വിനിയോഗിച്ച തുക – 11,24,119രൂപ

പ്ലാൻ (ജനറൽ ) - 2,50,000 രൂപ

ബ്ലോക്ക് ഷെയർ - 8,79,119 രൂപ

ടി ആർ എൻ . 221513000000006685/ 06.02.23 – 5,07,438 രൂപ

ടി ആർ എൻ . 221513000000006599/ 04.02.23 – 81,852 രൂപ

ടി ആർ എൻ. 221513000000006759/10.02.23 – 2,50,000 രൂപ

ടി ആർ എൻ. 221513000000007908/28.03.23 – 2,84,829 രൂപ

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ മാസങ്ങളിൽ ഉവ്വൂർ,തരിപ്പമുണ്ട, ആമപ്പൊയിൽ, നീലാഞ്ചേരി എന്നീ ക്ഷീരസഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ലിറ്ററിന് മൂന്ന രൂപ നിരക്കിൽ പാലിന് സംഘങ്ങൾ സാക്ഷ്യപ്പെടുത്തി ഹാജരാക്കുന്ന പാലളവ് സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം 115/2022/ തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.3(9) പ്രകാരം 40,000രൂപ മാത്രമാണ് ഒരു ഗുണഭോക്താവിന് ഒരു വർഷം സബ്സിഡി ഇനത്തിൽ നൽകാനാവുക. എന്നാൽ ഉവ്വൂർ ക്ഷീര സഹകരണസംഘത്തിന്റെ പാലളവ് സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ട സിദ്ദീഖ് കാരപ്പൻഞ്ചേരി എന്ന ഗുണഭോക്താവിന്(വാർഡ് -12) (ടിയാന്റെ വിലാസം ലഭ്യമാക്കിയിട്ടില്ല)മേൽ ടി ആർ എൻ . 221513000000006599/ 04.02.23 പ്രകാരം നൽകിയ 81,852 രൂപയിൽ 37,350 രൂപയും,ടി ആർ എൻ. 221513000000007908/28.03.23 പ്രകാരം നൽകിയ 2,84,829 രൂപയിൽ 6,666 രൂപയും ഉൾപ്പെടെ ആകെ 44,016 രൂപ (37,350 + 6,666) അനുവദിച്ചു നൽകിയിട്ടുണ്ട്. അപ്രകാരം 4,016 രൂപ അധികം നൽകിയിട്ടുണ്ട്.തിരികെ ഈടാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.23/22-23/28.10.23)മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക നടപ്പുവർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നപക്ഷം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ പദ്ധതി – അധികതുക നൽകി

പ്രോജക്റ്റ് നം. 250/23

അതിദരിദ്രരുടെ വീട് വാസയോഗ്യമാക്കൽ പദ്ധതി

വിനിയോഗിച്ച തുക – 13,00,000 രൂപ

ബിൽനം. 19/22-23/ 21.03.23 – 2,00,000 രൂപ

ബിൽനം. 16/22-23/ 21.03.23 – 2,00,000 രൂപ

ബിൽനം. 33/22-23/ 30.03.23 – 4,00,000 രൂപ

ബിൽനം. 31/22-23/ 21.03.23 – 1,00,000 രൂപ

ബിൽനം. 24/22-23/ 21.03.23 – 4,00,000 രൂപ

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം അതിദരിദ്രരെ തെരഞ്ഞെടുക്കാൻ നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തിയവരിൽ 13 പേർക്ക് 1,00 000 രൂപ വീതം വീട് വാസയോഗ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം തുക കൈപ്പറ്റിയ പാത്തുമ്മ തൊണ്ടിയിൽ മാമ്പുഴ കരുവാരകുണ്ട് പി ഒ എന്ന ഗുണഭോക്താവിനും 1,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തിൽ ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം 115/2022/ തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.7 ൽ നിർദ്ദേശിച്ചതിൽ പ്രകാരം എൽ എസ് ജി ഡി ഓവർസീയർ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം പ്രകാരം ആകെ പ്രവൃത്തിമൂല്യം 78,750 രൂപയാണ്. 21,250 രൂപ അധികം നൽകി. (ഖണ്ഡിക ഭാഗം -3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-23 ആദായനികുതി ഈടാക്കിയില്ല.

ആദായ നികുതി നിയമം 194c പ്രകാരം ട്രാൻസ്പോർട്ട് കോൺട്രാക്ടർക്ക് നൽകുന്ന തുക പ്രതിവർഷം 1 ലക്ഷം രൂപക്ക്

മുകളിലായാൽ 1 % ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം ശ്രീ അബ്ദുൽ സലാം എന്നയാൾക്ക് പരിരക്ഷാ ഹോം കെയർ വാഹനത്തിന്റെ വാടക നൽകിയപ്പോൾ ആദായനികുതി ഈടാക്കിയതായി കാണുന്നില്ല.. ആകെ 193880 രൂപ നൽകിയിട്ടുണ്ട്

| ബിൽ നമ്പർ | തുക |
|---|---|
| 221513520316OO161745/22.6.22 | 17440 |
| 22151352031600195805/22.6.22 | 17440 |
| 22151352031600309261/21.7.22 | 17440 |
| 22151352031600504841/19.9.22 | 17440 |
| 22151352031600552172/19.9.22 | 18840 |
| 22151352031600749490/8.11.22 | 18700 |
| 22151352031600837310/29.11.22 | 17440 |
| 22151352031600880422/8.12.2022 | 17600 |
| 22151352031601042058/13.1.23 | 17600 |
| 22151352031601132195/3.2.23 | 16340 |
| 22151352031601301704/7.3.23 | 17600 |
| ആകെ | 193880 |

1939/-രൂപ ആദായനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/26.10.2023 ന മറുപടി ലഭിച്ചിട്ടില്ല.

## 1-24 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന നൽകിയ മുൻകൂർ ശരിയായി അക്കൗണ്ട് ചെയ്തില്ല.

2022-2023 വർഷം താഴെ പറയുന്ന പ്രവൃത്തികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന പണം മുൻകൂറായി നൽകിയിട്ടുണ്ട്
.

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക | ഏജൻസി | വൗച്ചർ/ബിൽ നമ്പർ |
|---|---|---|---|---|
| 1 | വാഴക്കിളി അംഗനവാടി കുഴൽകിടുണർ നിർമ്മാണം( പ്രൊ. നം. 102/23) | 56175 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22151352001500816403/24.11.2022 |
| 2 | പള്ളിപ്പറമ്പ് അംഗനവാടി കുഴൽകിടുണർ നിർമ്മാണം( പ്രൊ. നം. 103/23) | 51541 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22151352001500816406/24.11.2022 |
| 3. | പായിപ്പുല്ല് അംഗനവാടി കുഴൽകിടുണർ നിർമ്മാണം( പ്രൊ. നം. 100/23) | 52865 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22151352001500816399/24.11.2022 |
| 4 | ആമക്കോട് അംഗനവാടി കുഴൽകിടുണർ നിർമ്മാണം( പ്രൊ. നം. 101/23) | 52865 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22151352001500816400/24.11.2022 |

പ്രവൃത്തികൾ പൂർത്തീകരിച്ച് യുസി ലഭ്യമാക്കിയതായും ബാക്കിയുള്ള 60677 രൂപ തിരികെ നൽകിയതായും ആയത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതായും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. റോഡിതര മെയിന്റനൻസ് ഗ്രാന്റ് പകയിരുത്തിയ പ്രൊജക്റ്റുകൾ ആയതിനാൽ ബാക്കി**തുക അതേ ശീർഷകത്തിൽ തിരിച്ചടക്കേ**ണ്ടതാണ്.

ഈ പ്രൊജക്റ്റിന്റെ ചെലവ് അക്കൗണ്ടിങ്ങിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1 . മുൻകൂറായി നൽകിയ തുകകൾ ഡെപ്പോസിറ്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

2. വാർഷിക ധനകാര്യ പത്രികയിൽ Deposit With Groundwater Department (460500204) എന്ന ശീർഷകത്തിൽ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

മുകളിൽ സൂചിപ്പിച്ച അക്കൗണ്ടിംഗ് അപാകതകൾ നിലനിൽക്കെ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ മോണിറ്ററിംഗിനും തുടർനടപടികൾക്കും ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായ സംവിധാനങ്ങൾ ഇല്ല എന്ന് കാണുന്നു. അക്കൗണ്ടിങ് അപാകതകൾ ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.21/27-10-2023).

## 1-25 മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

എഫ്എച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകളിൽ മരുന്ന് വാങ്ങുന്നതിന KMSCL ന മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ 1/25.6.2023 ന നൽകിയ മറുപടി പ്രകാരം മരുന്ന്

മുഴുവനായും ലഭ്യമായിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ | തുക | മരുന്ന് ലഭ്യമായതിന്റെ വിവരം | ബാലൻസ് തുക |
|---|---|---|---|---|
| എഫ്എച്സിയിലേക്ക് മരുന്ന് വാങ്ങൽ(15/22-23) 800000 (MG-NR) | 221513520316009660005/28.12.2022 | 250000 | 9 ഇൻവോയിസുകൾ പ്രകാരം 146008 രൂപയുടെ മരുന്ന് ലഭിച്ചു | 103992 |
| പാലിയേറേറീവ് കെയർ / കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ(18/22-23) | 22151352031601002828/10.1.2023 | 224999 | 4ഇൻവോയിസുകൾ പ്രകാരം 80793 രൂപയുടെ മരുന്ന് ലഭിച്ചു | 144206 |
| | 22151352031601509696/30.3.2023 | 59989 | ഇൻവോയിസ് നം. 8919/13.6.23 പ്രകാരം 38385 രൂപയുടെ മരുന്ന് ലഭിച്ചു | 21604 |
| | 22151352031601509606/30.3.2023 | 18922 | ഇൻവോയിസ് നം. 9971/20.6.23 പ്രകാരം 18779 രൂപയുടെ മരുന്ന് ലഭിച്ചു | 143 |

മരുന്ന് മുഴുവനായും ലഭ്യമാക്കി സ്റ്റോക്ക് എടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-26 വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1) പ്രോജക്ട് -110/23 കറവ പശുക്കൾക്ക് കാലീത്തീറ്റ

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് 110/23 കറവ പശുക്കൾക്ക് കാലീത്തീറ്റ എന്ന പ്രോജക്ടിൽ താഴെ പറയും പ്രകാരം ₹2233560 (വികസന ഫണ്ട് ജനറൽ:₹687000 ഗുണഭോക്തൃ വിഹിതം:₹1546560) ചെലവഴിച്ചുകൊണ്ട് ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട 206 ക്ഷീരകർഷർകർക്ക് ഗുണഭോക്തൃ വിഹിതം അടവാക്കുന്ന മുറയ്ക്ക് പ്രതിമാസം രണ്ടു ചാക്ക് വീതം അഞ്ച് മാസക്കാലയളവിൽ കാലിത്തീറ്റ (1728 ചാക്ക്) പള്ളിപ്പറമ്പ് , തരിപ്രമുണ്ട,നീലാഞ്ചേരി,ആമപ്പൊയിൽ എന്നീ ക്ഷീരസഹകരണസംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്ത മാസം | ഇൻവോയ്സ് നമ്പർ/തിയ്യതി/തുക | തുക | കാലീത്തീറ്റയുടെ അളവ് |
|---|---|---|---|---|
| 1 | നവംബർ2022 | പള്ളിപ്പറമ്പ് കെ.എസ്.എസ്-KFLP1-22-23-037517/29.11.22-223200 /-(160 ബാഗ് )<br>തരിപ്രമുണ്ട കെ.എസ്.എസ്-KFLP1-22-23-037595/29.11.22-150660 /-(108 ബാഗ് )<br>നീലാഞ്ചേരി കെ.എസ്.എസ്-KFLP1-22-23-037516/29.11.22-69750/-(50 ബാഗ് )<br>ആമപ്പൊയിൽ കെ.എസ്.എസ്-KFLP1-22-23-037596/29.11.22-41850/-(30 ബാഗ് ) | 485460 (BRN NO. 22151352031500926506/19 /12-22-174000-Dev.Gen 22200669/23-12-2022-311460 തനത് ഫണ്ട് ) | (348 ബാഗ് ) |
| 2 | ഡിസംബർ 2022 | പള്ളിപ്പറമ്പ് കെ.എസ്.എസ്-KFLP1-22-23-042908/29.12.22-220410(158 ബാഗ് )<br>തരിപ്രമുണ്ട കെ.എസ്.എസ്-KFLP1-22-23-042909/29.12.22--142290 /-(102ബാഗ്)<br>നീലാഞ്ചേരി കെ.എസ്.എസ്- | 454770 (BRN NO. 22151352031501051659/16-1-23 163000-(Dev.Gen) 22200738/20-01-2023-291770 തനത് ഫണ്ട് ) | (326 ബാഗ് ) |

| | | | | |
|---|---|---|---|---|
| | | KFLP1-22-23-042911/29.12.22--66960/-(48 ബാഗ് )<br>ആമപ്പൊയിൽ കെ.എസ്.എസ്-KFLP1-22-23-042910/29.12.22--25110/-(18 ബാഗ്) | | |
| 3 | ജനവരി 2022 | പള്ളിപ്പറമ്പ് കെ.എ047489/23.01.23-239940/-(172 ബാഗ് )<br>തരിപ്രമുണ്ട കെ.എസ്.എസ്-KFLP1-22-23-047490/23.01.23-147870 /-(106 ബാഗ് )<br>നീലാഞ്ചേരി കെ.എസ്.എസ്-KFLP1-22-23-047492/23.01.23-64170/-(46 ബാഗ് )<br>ആമപ്പൊയിൽ കെ.എസ്.എസ്-KFLP1-22-23-047491/23.01.23-25110/-(18 ബാഗ് ) | 477090 (BRN NO. 22151352031501137916/28-02-2023-171000-പൊതുവിഭാഗം-ജനറൽ 22200809/09-02-2023-306090 തനത് ഫണ്ട്) | 342 ബാഗ് |
| 4 | ഫെബ്രുവരി 2022 | പള്ളിപ്പറമ്പ് കെ.എസ്.എസ്-KFLP1-22-23-054896/28.02.23-259470/-(186 ബാഗ് )<br>തരിപ്രമുണ്ട കെ.എസ്.എസ്-KFLP1-22-23-054897/28.02.23-147870/-(106 ബാഗ് )<br>നീലാഞ്ചേരി കെ.എസ്.എസ്-KFLP1-22-23-054898/28.02.23-66960/-(48 ബാഗ് )<br>ആമപ്പൊയിൽ കെ.എസ്.എസ്-KFLP1-22-23-055518/03.03.23- 25110/-(18 ബാഗ് ) | 499410 (BRN NO. 22151352031501356772/15-3-2023-179000-Dev.Gen 22200908/10-03-2023-320410തനത് ഫണ്ട്) | 358 ബാഗ് |
| 5 | മാർച്ച് 2022 | ഇൻവോയ്സുകൾ ഫയലിൽ ലഭ്യമല്ല | 316830(ഗ്ര.വി) | 354 ബാഗ് |
| | | ആകെ | 2233560/- | 1728 ബാഗ് |

കാലിത്തീറ്റ വിതരണത്തിനായി ചുമതലപ്പെടുത്തിയ ക്ഷീരസംഘങ്ങളുടെ (പള്ളിപ്പറമ്പ് കെ.എസ്.എസ്,തരിപ്രമുണ്ട കെ.എസ്.എസ്,ആമപ്പൊയിൽ കെ.എസ്.എസ്,നീലാഞ്ചേരി കെ.എസ്.എസ്) വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഉണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് ക്ഷീര സഹകരണസംഘങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.പ്രൊജക്ടിന്റെ പേര്-പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും (പ്രോ.നം 58/23)

ബിൽ നം. BRN 22151352031501356785/15.03.2023-157500

പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും (പ്രോ.നം 58/23) എന്ന പദ്ധതിയ്ക്കായി കേരള ഫീഡ്സിൽ നിന്നും 1050kg ധാതുലവണ മിശ്രിതം (കേരമിൻ) വാങ്ങുന്നതിനായി കിലോഗ്രാമിന് 150/- നിരക്കിൽ 157500/- രൂപ ചെലവഴിച്ചുണ്ട്. ധാതുലവണ മിശ്രിതത്തിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയലിനോടൊപ്പം ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ, 175 ക്ഷീരകർഷകരാണ് ആനുകൂല്യത്തിനായി അപേക്ഷ നൽകിയിട്ടുള്ളത്. ഓരോ ക്ഷീരകർഷകനും കൈപ്പറ്റിയ ധാതുലവണ മിശ്രിതത്തിന്റെ (കേരമിൻ) കൃത്യമായ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-10/22-23/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2233560/-രൂപ തടസ്സം ചെയ്യുന്നു.

## 1-27 അങ്കനവാടികൾക്ക് പാചക പാത്രങ്ങളും മിക്സിയും വാങ്ങൽ - ടെണ്ടർ നടപടികളിൽ അപാകത.

നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട്: 57/23, അംഗണവാടികൾക്ക് പാചക പാത്രങ്ങളും മിക്സിയും വാങ്ങൽ

ബിൽ നം: 2/13.6.22 : 181170 (MG NR)

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി സിതാരാ ഷോപ്പിംഗ് സെന്റർ,തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് ബി30/18.3.2022 പ്രകാരം 3790 രൂപ നിരക്കിൽ 33 മിക്സി 125070 രൂപക്ക് വാങ്ങിയിട്ടുണ്ട്. പാചക പാത്രങ്ങളും മിക്സിയും നൽകുന്നതിനു സിത്താര ഷോപ്പിംഗി സെന്റർ, റാണി മെറ്റൽസ്, ഹെഡ്ക്കോ, തയ്യിൽ ഹോം നീഡ്സ് എന്നീ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഓരോ സ്ഥാപനങ്ങളും സമർപ്പിച്ച ടെണ്ടറിൽ മിക്സി സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| NAME OF PARTICIPANTS | ITEMS | RATE | NAME OF PARTICIPANTS | ITEMS | RATE |
|---|---|---|---|---|---|
| SITHARA SHOPPING CENTRE | 1.PREETHI 750W | 4049 | HEADCO | 1.PIGEONMIXI (STAR) | 2970 |
| | 2.HAVELLS 750 W | 3999 | | 2. PIGEON(BC) | 3350 |
| | 3.BUTTERFLY 750W | 3799 | | 3.CROMPTON | 3380 |
| | 4.PRESTIGE 750W | 3699 | | 4.HAVELLS | 3400 |
| | 5.V-GUARD 750W | 4039 | | 5.PREETHI GALAXY | 3590 |
| | 6.HAVELLS 800W | 4499 | | 6.PREETHI POPULAR | 4200 |
| | 7.GREEN CHEF W | 2974 | | 7.BUTTERFLY(GP) | 3630 |
| RANI METALS STORES | 1.PREETHI 750 W Galaxy | 3390 | | 8.BUTTERFLY (BLUE) | 3820 |
| | 2. PREETHI 750 W Popular | 3790 | | 9.PRESTIGE | 4300 |
| | 3. BUTTERFLY 750W | 3850 | | 10.PREMIER | 3850 |
| | 4.USHA 800W | 3850 | | 11.SUJATHA | 5900 |
| | 5.HAVELLS 800W | 3800 | THAYYIL HOME NEEDS | MIXI 750 W | 2750 |

ടെണ്ടർ നോട്ടീസിൽ പറഞ്ഞ മിക്സിയുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നവയാണ്. 1. 750/750 വാട്ട്സിനു മുകളിൽ. 2. ആർപിഎം 18000/18000-നു മുകളിൽ. 3. 3 ജാർ സ്റ്റെയിൻലസ് സ്റ്റീൽ. 4. ISI മുദ്ര. തയ്യിൽ ഹോം നീഡ്സ്, സിത്താര ഷോപ്പിംഗ് സെന്റർ എന്നിവർ വിലയോടൊപ്പം വാട്സ് ഒഴികെയുള്ള സ്പെസിഫിക്കേഷൻ വിവരങ്ങളോ ഗാരന്റിയോ രേഖപ്പെടുത്തിയില്ല. എന്നാൽ റാണി മെറ്റൽസ് ഹാവൽ മിക്സിക്ക് 7 വർഷവും മറ്റുള്ളവക്ക് 5 വർഷവും വാറന്റി, വാട്ട്സ്, ISI മുദ്ര എന്നിവ ഒഫർ ചെയ്തു. ഹെഡ്ക്കോ ടെണ്ടർ സ്പെസിഫിക്കേഷനിലെ എല്ലാ ഇനങ്ങളും അതിനു പുറമെ 5 വർഷം വാറന്റിയും ഒഫർ ചെയ്തു. ഇതിൽ സിത്താര ഷോപ്പിംഗ് സെന്റർ ക്വാട്ട് ചെയ്ത 3799 രൂപ വിലയുള്ള ബട്ടർഫ്ലൈ (ഇനം 3) ആണ് വാങ്ങിയിട്ടുള്ളത്.

ഈ വാങ്ങൽ നടപടിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. ഐ.സി.ഡി.എസ്. സൂപ്പർവൈസർ തയ്യാറാക്കിയ ടാബുലേഷൻ പത്രികയിൽ തയ്യിൽ ഹോം നീഡ്സ് ബ്രാന്റ് രേഖപ്പെടുത്താത്തതിനാൽ ടെണ്ടർ നിരസിച്ചതായി രേഖപ്പെടുത്തി. ഇത് സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 7.33, പ്രൊക്യൂർമെന്റ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ബ്രാന്റ് രേഖപ്പെടുത്താൻ ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുമില്ല.

2. എല്ലാ നിബന്ധനകളും പൂർണ്ണമായി പാലിച്ച് ടെണ്ടർ സമർപ്പിച്ച ഹെഡ്ക്കോ സാമ്പിൾ ഹാജരാക്കിയില്ല എന്നും ടാബുലേഷൻ പത്രികയിൽ രേഖപ്പെടുത്തി. എന്നാൽ സാമ്പിൾ ഹാജരാക്കാൻ ടെണ്ടർ നോട്ടീസിൽ വ്യവസ്ഥയില്ല. (സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 9.8) ആയത് ഹാജരാക്കാൻ സ്ഥാപനത്തിനു അറിയിപ്പ് നൽകിയതിനു രേഖയില്ല.

3. റാണി മെറ്റൽസ് സാമ്പിൾ ഹാജരാക്കി. അവരുടെ ടെണ്ടർ അംഗീകരിക്കാത്തതിനു കാരണം രേഖപ്പെടുത്തിയില്ല.

5.പ്രൊക്യൂർമെന്റ് മാന്വൽ പൂർണ്ണമായി പാലിക്കാതെ പർച്ചേസ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20/27.10. 2023 -നു പ്രൊജക്ട് നടപ്പാക്കിയത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് എന്ന് മറുപടി നൽകി. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. ഇഡലി പോട്ട്, അണ്ടാവ് എന്നിവയും കുറഞ്ഞ വില ക്വാട്ട് ചെയ്ത റാണി മെറ്റൽസ്, ഹെഡ്ക്കോ എന്നിവയുടേത് വാങ്ങാതെ സിത്താര ഷോപ്പിംഗി സേന്ററിന്റെ ഉയർന്ന വിലകളുള്ളവയാണ് വാങ്ങിയത്. 815 രൂപ നിരക്കിൽ 34 ഇഡലി പോട്ട്, 835 രൂപ നിരക്കിൽ 34 അണ്ടാവ് എന്നിവ സിതാരാ ഷോപ്പിംഗ് സെന്ററിന്റെ ഇൻവോയ്സ് ബി28/17.3.2022 പ്രകാരം ആകെ 56100 രൂപക്ക് വാങ്ങി. 10 ലിറ്റർ സ്റ്റീൽ അണ്ടാവിനു തയ്യിൽ ഹോം നീഡ്സ് 475 രൂപയും സിതാരാ

ഷോപ്പിംഗ് സെന്റർ 648 രൂപയും റാണി മെറ്റൽസ് 790 രൂപയും ഹെഡ്ക്കോ 820 രൂപയും ക്വാട്ട് ചെയ്തത് പരിഗണിച്ചില്ല. ഇഡലി പോട്ടിനു ഹെഡ്ക്കോ 690, 790 എന്നീ വിലകൾ ക്വാട്ട് ചെയ്തതിരുന്നു.

7. നെഗോസിയേഷൻ നടത്തിയതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സിത്താര കോംപ്ലക്സിന്റെ ടെണ്ടർ അംഗീകരിച്ച് നൽകണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ കത്ത് പ്രകാരം സിത്താര കോംപ്ലക്സിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനും തുടർനടപടി സ്വീകരിക്കാൻ ഐ.സി.ഡി.എസ്. സൂപ്പർവൈസറെ ചുമതലപ്പെടുത്തിയും ഭരണ സമിതി 24/2/2022 ന 1(3) നമ്പർ ആയി തീരുമാനിച്ചത് പ്രകാരമാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തുടർനടപടി സ്വീകരിച്ചത്. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് സിത്താര കോംപ്ലക്സ് (സിതാരാ ഷോപ്പിംഗ് സെന്റർ) അല്ലാത്തതിനാലും ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതിന്റെ രേഖകൾ ഇല്ലാത്തതിനാലും ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഭരണ സമിതിക്ക് വസ്തുതാപരമായ വിവരങ്ങൾ അല്ല നൽകിയത് എന്ന് മനസ്സിലാകുന്നു.

8. ISI മുദ്ര പോലെ സർക്കാർ തലത്തിൽ ഗുണനിലവാരം വിലയിരുത്തിയ ഒരേ ബ്രാന്റിലുള്ളതിനെ പോലും ക്ഷമതയുള്ള ഒരു ടെക്നിക്കൽ അതോറിറ്റിയുടെ സാക്ഷ്യപത്രമില്ലാതെ വിലയിരുത്തി, വാറന്റി ഉറപ്പ് നൽകിയവരെ പോലും പരിഗണിക്കാതെ എല്ലാ ഇനങ്ങളിലും ഒരേ സ്ഥാപനത്തിന്റെ വില കൂടിയ ക്വാട്ട് അംഗീകരിച്ച് വാങ്ങൽ നടത്തിയത് ഉചിതമാണെന്ന് കരുതുന്നില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യേണ്ടതും സിതാരാ ഷോപ്പിംഗ് സെന്റർ സപ്ലൈ ചെയ്ത ഇനങ്ങൾ ടെണ്ടർ സ്പെസിഫിക്കേഷൻ പാലിക്കുന്നവയാണെന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്. വിശദമായ റിപ്പോർട്ട് ലഭിക്കുന്നത് വരെ സ്റ്റോർ പർച്ചേസ് മാന്വലിന് വിധേയമായ പർച്ചേസ് നടപടി തുകയായ 181170/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 മെഡിക്കൽ ഓഫീസർക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല

മെഡിക്കൽ ഓഫീസർക്ക് 2022-23 വർഷം നൽകിയ താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല.

| വൗച്ചർ | തുക | കൈപറ്റിയ ആൾ, ആവശ്യം |
|---|---|---|
| 22200114/19.5.2022 | 170000 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി, പ്രീ മൺസൂൺ ക്ലീനിംഗ് |
| 22200194/28.6.2022 | 170000 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി, പ്രീ മൺസൂൺ ക്ലീനിംഗ് |
| ആകെ | 340000 | |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം മുൻകൂറുകൾ കൈപറ്റി മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം /ചെലവുരേഖകൾ ലഭ്യമാക്കുകയോ തുക പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 9/27.10.2023 ന മറുപടി ലഭിച്ചിട്ടില്ല.

## 1-29 സ്കൂളുകളിലേക്ക് പ്രിന്റർ - വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.114/23

സ്കൂളുകളിലേക്ക് പ്രിന്റർ പദ്ധതി

വിനിയോഗിച്ച തുക - 91,735 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

ബിൽ നം. 5/22-23/20.01.23 - 91,735 രൂപ

നിർവ്വഹണം - ഹെഡ്മാസ്റ്റർ ,ജി എൽ പി എസ് ഉവ്വൂർ

പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലേക്ക് വിതരണം നടത്തുന്നതിനായി അഞ്ച് പ്രിന്ററുകൾ കെൽട്രോൺ തിരുവനന്തപുരത്തുനിന്നും വാങ്ങിയിട്ടുണ്ട്.(A4 Monochrome Net Work Laser Printer ) ആയവ ജി എം എൽ പി എസ് മുണ്ടക്കോട്, ജി എൽ പി എസ് ഉവ്വൂർ , ജി എൽ പി എസ് അക്കരകുളം, ജി എം എൽ പി എസ് മാമ്പുഴ എന്നീ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. അവശേഷിച്ച ഒരു പ്രന്റർ വിതരണം നടത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 7/22-23/26.10.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വീട് വാസയോഗ്യമാക്കൽ പദ്ധതി – അധികതുക നൽകി

പ്രോജക്റ്റ് നം. 250/23

അതിദരിദ്രരുടെ വീട് വാസയോഗ്യമാക്കൽ പദ്ധതി

വിനിയോഗിച്ച തുക – 13,00,000 രൂപ

ബിൽനം. 19/22-23/ 21.03.23 – 2,00,000 രൂപ

ബിൽനം. 16/22-23/ 21.03.23 – 2,00,000 രൂപ

ബിൽനം. 33/22-23/ 30.03.23 – 4,00,000 രൂപ

ബിൽനം. 31/22-23/ 21.03.23 – 1,00,000 രൂപ

ബിൽനം. 24/22-23/ 21.03.23 – 4,00,000 രൂപ

നിർവ്വഹണം - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതി പ്രകാരം അതിദരിദ്രരെ തെരഞ്ഞെടുക്കാൻ നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തിയവരിൽ 13 പേർക്ക് 1,00 000 രൂപ വീതം വീട് വാസയോഗ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം തുക കൈപ്പറ്റിയ പാത്തുമ്മ തൊണ്ടിയിൽ മാമ്പുഴ കരുവാരകുണ്ട് പി ഒ എന്ന ഗുണഭോക്താവിനും 1,00,000 രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തിൽ ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം 115/2022/ തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.7 ൽ നിർദ്ദേശിച്ചതിൽ പ്രകാരം എൽ എസ് ജി ഡി ഓവർസീയർ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം പ്രകാരം ആകെ പ്രവൃത്തിമൂല്യം 78,750 രൂപയാണ്. 21,250 രൂപ അധികം നൽകിയിട്ടുണ്ട്.
അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 13/22-23/27.10.2023)മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുകയായ 21250/-രൂപ ഉത്തരവാദിയായ വില്ലേജ് എക്സ്റ്റെൻഷ്യൻ ഓഫീസറിൽ നിന്നും ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 22-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 440000 | 11/23-ലൈഫ് ഭവന പദ്ധതി | 440000 | 0 |
| | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 243/23 | 200000 | 0 |
| | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. 57/23 | 350000 | 0 |
| | 3020000 | 12/23-ലൈഫ് ഭവന പദ്ധതി-എസ്.സി | 3020000 | 0 |
| | 340000 | എസ്.സി-സ്കോളർഷിപ്പ്- | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 39250 | സമഗ്ര നെൽകൃഷി വികസനം സ്ഥിരം കൃഷിക്ക് | 39250 | 0 |

| | | | | |
|---|---|---|---|---|
| | | ധനസഹായം-81/23 | | |
| | 187000 | സമഗ്ര പച്ചക്കറി വികസനം (സ്ഥിരം കൃഷിക്ക് ധനസഹായം)-80/23 | 187000 | 0 |
| | 10000 | അതി ദാരിദ്ര്യ നിർമാർജ്ജനം-ലൈഫ് 255/23 | 10000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം./തിയ്യതി | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| GWA | വാഴക്കിളി അംഗൻവാടി | 22200960/7.3.23 Rs. 56175, 22200961/7.3.23 Rs. 397165 | 453340 | 453340 | UC ലഭിച്ചിട്ടില്ല | 0 |
| K W A | കുടുമക്കാട് കുടിവെള്ള പദ്ധതി -കുഴൽകിണർ നിർമ്മാണം ( പ്രൊ. നം. 357/23) | 22151452000300915430/ 15.12.2022 | 45348 | 45348 | UC ലഭിച്ചിട്ടില്ല | 0 |
| K W A | വിവിധ അംഗനവാടികളിലേക്ക് കുടിവെള്ളം ലഭ്യമാക്കൽ ( പ്രൊ. നം. 410/23) | 222010124/20.3.23 | 28490 | 28490 | UC ലഭിച്ചിട്ടില്ല | 0 |
| KSEB | കരിമ്പനക്കൽ കുടിവെള്ള പദ്ധതി ത്രീ ഫേസ് വൈദ്യുതി ലൈൻ സ്ഥാപിക്കൽ( പ്രൊ. നം. 158/23) | 228/15.12.2022 | 127698 | 127698 | UC ലഭിച്ചിട്ടില്ല | 0 |
| KSEB | ഒടോമ്പറ്റ ജിഎൽപി സ്കൂൾ കെട്ടിടത്തിന ത്രീ ഫേസ് കണക്ഷൻ സ്ഥാപിക്കൽ ( പ്രൊ. നം. 359/23) | 22200707/20.12.2022 | 34562 | 34562 | UC ലഭിച്ചിട്ടില്ല | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 38782500 | 16582697 | 4127870 | 0 | 51237327 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 172707/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2021-22 | 1-12 | 820 | ഫസീല,സുനിത | 1220104898/23.01.2023 |
| 2021-22 | 1-12 | 1180 | ബി1-എന്റർപ്രൈസസ് ലിമിറ്റഡ് | 1220104899/23.01.2023 |
| 2021-22 | 1-12 | 5940 | മാമ്പുഴ റബ്ബർ പ്രൊസസിംഗ് യൂണിറ്റ് | 1220104901/23.01.2023 |
| 2021-22 | 1-12 | 1188 | കെ.ടി.ബി ബിൽഡിംഗ് പ്രൊഡക്ട്സ് | 1220104904/23.01.2023 |
| 2021-22 | 1-12 | 820 | പുളിക്കോട്ടിൽ ഗ്ലാസ്സ് ഹൗസ് | 1220104906/23.01.2023 |
| 2021-22 | 1-12 | 1300 | മൽഹാർ ജ്വല്ലറി | 1220104929/25.01.2023 |
| 2021-22 | 1-15 | 271 | വീരാൻ കോട്ടേങ്ങാടൻ | 1220104930/26.01.2023 |
| 2021-22 | 1-15 | 329 | വേലായുധൻ പറന്നോട്ടത്തിൽ | 1220104931/25.01.2023 |
| 2021-22 | 1-12 | 820 | റീനസ് ഹോട്ടൽ | 1220104906/23.01.2023 |
| 2021-22 | 1-12 | 1300 | വുഡ് ലൈൻ ടിംബേഴ്സ് | 1220104936/25.01.2023 |
| 2021-22 | 1-15 | 159 | സുരേന്ദ്രൻ പുത്തൻ പറമ്പിൽ | 1220104937/25.01.2023 |
| 2021-22 | 1-23 | 4678 | റഹ്മത്തുള്ള | 1220104980/30.01.2023 |
| 2021-22 | 1-12 | 1180 | പവിഴം ന്യൂട്രിമിക്സ് | 1220104983/30.01.2023 |
| 2021-22 | 1-15 | 584 | മമ്മൂട്ടി | 1220105038/01.02.2023 |
| 2021-22 | 1-25 | 29047 | റഹ്മത്തുള്ള | 1220105067/02.02.2023 |
| 2021-22 | 1-12 | 3960 | മാവേലി സ്റ്റോർ ,തുവ്വൂർ | 1220104984/30.01.2023 |
| 2021-22 | 1-12 | 1480 | നിസാമുദ്ദീൻ,ഡ്രൈവർ | 1220105022/31.01.2023 |
| 2021-22 | 1-12 | 1000 | മുഹമ്മദ് | 1220105055/02.02.2023 |
| 2021-22 | 1-12 | 1660 | പ്രതീക്ഷ ഡേ കെയർ സെന്റർ | 1220105060/02.02.2023 |
| 2021-22 | | 15239 | സുരേഷ് ബാബു,റിട്ടയേർഡ് എ.എസ്. | 1220000601/31.03.2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(1) | 2006-07 | 3-71-4 | ഡെപ്പോസിറ്റ് വർക്ക് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2002-03 | 3(2) | 2006-07 | 3-71-3 | മുൻകൂർ വാങ്ങിയിട്ടും പ്രവർത്തി പൂർത്തിയാക്കിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2011-12, 2012-13 | 3(1) | 2014-15 | 4-1-4 | നിഷ്ക്രിയ ആസ്തികൾ അവലോകനം | നടപടികൾ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | | വസ്തുനികുതി നിർണ്ണയം -നികുതി ചോർച്ച. | നിയമസഭ സമിതിയുടെ പരിഗണനയിൽ - |
| 2015-16 | 2-2 | 2016-17 | | 2014-15 മുഴവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ - 2015-16 മുതൽക്ക് ആയത് ഈടാക്കി വരുന്നതായി മറുപടി നൽകിയിട്ടുണ്ട് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2001-02 | 3-6 | വി.വിജയൻ,സെക്രട്ടറി | LF1453/spl.cell /Sc/05 /08/19.06.2010 | 10272 | തുക അടവാക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 199056373 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 179487916 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 21,250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 46,55,989 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 21,250 രൂപ | ശ്രീമതി.സ്വപ്ന.വി.എസ് ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | | 21,250 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 9,00,000 രൂപ | ശ്രീ.ഗോപാലകൃഷ്ണൻ സി ,ഹെഡ്മാസ്റ്റർ ജി എൽ പി എസ് ഉവ്വൂർ |
| 1-17 | 2,07,900 രൂപ | ശ്രീ.ഗോപാലകൃഷ്ണൻ സി ,ഹെഡ്മാസ്റ്റർ ജി എൽ പി എസ് ഉവ്വൂർ |
| 1-18 | 11,24,119രൂപ | ശ്രീമതി.നസീമ.കെ ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-19 | 9240 | ശ്രീമതി.സ്വപ്ന.വി.എസ് ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-26 | 2233560 | ശ്രീ. അജയകമാർ., വെറ്റനറി സർജൻ |

| | | |
|---|---|---|
| 1-27 | 181170 | ശ്രീമതി സിദ്റത്തുൽ മുൻതഹ, ഐ.സി.ഡി.എ.സ്. സൂപ്പർ വൈസർ |
| ആകെ | 46,55,989 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സ്വപ്ന.വി.എസ്. ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>വണ്ടൂർ ഗ്രാമപഞ്ചായത്ത് | പുല്ലിക്കളം വീട്,<br>ചോക്കാട് പി.ഒ.<br>മലപ്പുറം ജില്ല 679332 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 02 |
| 2002-03 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 02 |
| 2003-04 | കെ.എസ്.എ.എം.പി.എം.24/2862/19/19.08.21 | 3 |
| 2004-05 | കെ.എസ്.എ.എം.പി.എം.24/2862/19/06.07.21 | 3 |
| 2005-06 | കെ.എസ്.എ.എം.പി.എം.24/2862/19/02.11.21 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 3 |
| 2007-08 | കെ.എസ്.എ.എം.പി.എം.24/2862/19/12.11.21 | 16 |
| 2011-12& 2012-13 | കെ.എസ്.എ.എം.പി.എം.24/36/20/12.11.21 | 4 |
| 2013-14& 2014-15 | കെ.എസ്.എ.എം.പി.എം.24/36/20/12.11.21 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം.24/189/20/12.11.21 | 2 |
| 2016-17 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 2 |
| 2017-18 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 1 |
| 2018-19 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 4 |
| 2019-20 | കെ.എസ്.എ.എം.പി.എം24/1755/2021 / 09.11.21 | 34 |
| 2020-21 | കെ.എസ്.എ.എം.പി.എം24/1756/2021 / 02.12.21 | 36 |
| 2021-22 | കെ.എസ്.എ.എം.പി.എം24/2588/05-12-2022 | 9 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

എം.എ.11/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 12-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thuvvur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report,

**Date: 04/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Thuvvur Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1)Asset Register is not uptodated.

2)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios

ii. Notes on accounts

iii. Comparative amounts)

3)Calculated Worksheet of Depreciation of Fixed Assets is not produced for verification.

4)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

5)Total value of Asset created through MGNREGS was not included in the Balance Sheet

6) As no documents were produced for verification,the accuracy of entries made under Schedule B 4 of

Balance Sheet could not verified(except MGNREGS balance)

7)Deposit Register is not properly uptodated.

8)Total Expenditure of Central Finance Commission Grant (both tied and untied),Maintainace Fund (Non road)etc as per Grant Statement was not tally with A F S

9)ÂCheque deposited but not clearedÂÂÂÂ was Rs.87337 as per reconciliation statement of March 2023 (Accountno.67387317103 (S B I Karuvarakundu) .but the details of clearance was not produced for verfication.

10) The amountâÂÂÂÂDirectly Credited by bank âÂÂÂÂ was RS 64367 as per reconciliation statement of March 2023 (Accountno.67387317103 (S B I Karuvarakundu) .but its details was not produced for verfication.

11)As Past Data Entry (P D E ) files regarding Sankhya Accounting System were not produced for verification,the accuracy data entered from Sankhya Accounting System to ILGMS could not verified

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്